(ബി-ഡി) മുകളിൽ കൊടുത്തിട്ടുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

അനധികൃത കായിക പരിശീലനം

100 (101) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ തഴവ കടത്തൂരിൽ ദണ്ഡും മറ്റും ഉപയോഗിച്ച് അനധികൃത കായിക പരിശീലനം നടത്തുന്നതായും മത സൗഹാർദ്ദം തകർക്കുന്ന രീതിയിലുള്ള കാര്യങ്ങൾ ചെയ്യുന്നതായും ഉള്ള പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പരിശീലനത്തിന് അനുമതി നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ബഹുജനസംഘടനാ ഭാരവാഹികളും മറ്റും പരാതികൾ നൽകിയിട്ടും കായിക പരിശീലനം തടയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) സമുദായ സൗഹാർദ്ദം തകർക്കുന്ന രീതിയിലുള്ള പരിശീലനം നിരോധിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. മതസൗഹാർദ്ദം തകർക്കുവാൻ ശ്രമിക്കുന്നവർക്കെതിരായി ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കും. ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശം ഡി.ജി.പി.ക്ക് നൽകിയിട്ടുണ്ട്.

(ഇ) സാമുദായിക ഐക്യം തകർക്കുന്ന രീതിയിലുള്ള പരിശീലനം ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

മഞ്ചേരിയിൽ മെഡിക്കൽ ഷോപ്പുകൾക്ക് നേരെയുണ്ടായ ആക്രമണം

101 (102) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ജനുവരി മാസം മഞ്ചേരിയിൽ മെഡിക്കൽ ഷോപ്പുകൾക്ക് നേരെയുണ്ടായ അക്രമങ്ങളുടെ പേരിൽ പോലീസിൽ പരാതി ലഭിച്ചിരുന്നോ ;

(ബി) എങ്കിൽ അതിനുമേൽ കേസ് രജിസ്റ്റർ ചെയ്തിരുന്നോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ കേസിൽ ആരെയൊക്കെ ഏതൊക്കെ വകുപ്പുകൾ ഉപയോഗിച്ച് പ്രതി ചേർത്തിട്ടുണ്ട് ;

(ഇ) ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(എഫ്) അറസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ടു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

(ഡി) മഞ്ചേരി സ്റ്റേഷനിലെ ക്രൈം നം. 37/2001, 38/2001 എന്നീ കേസുകളിൽ ഷെറീഫ്, അൻവർ, അഷ്റഫ്, ജലീൽ, നൗഫൽ, സിന്ധു എന്നിവർക്കെതിരെ ഐ.പി.സി. സെക്ഷൻ 143,147,148, 448, 427,506(11) ആംസ് ആക്ട് സെക്ഷൻ 25(1)(സി) എന്നീ വകുപ്പുകൾ പ്രകാരം കേസെടുത്തിട്ടുണ്ട്.

(ഇ) ഒന്നാംപ്രതി ഷെറീഫിനെ അറസ്റ്റു ചെയ്തിട്ടുണ്ട്.

(എഫ്) മറ്റു പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റു ചെയ്തിട്ടില്ല.

പോലീസ് സ്റ്റേഷൻ ആക്രമണം

102 (103) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം പോലീസ് സ്റ്റേഷൻ ആക്രമിച്ച പ്രതികളെ ഇറക്കിക്കൊണ്ടു പോയ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) പ്രതികളെ കസ്റ്റഡിയിലെടുത്തശേഷം പോലീസ് സ്റ്റേഷനിലേക്കു കൊണ്ടുപോകുമ്പോൾ പോലീസിനെ ആക്രമിച്ച പ്രതികളെ മോചിപ്പിച്ച സംഭവം ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത്തരം എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ; എവിടെയെല്ലാം ;

(ഡി) ഇപ്രകാരം പ്രതികളെ കസ്റ്റഡിയിലെടുത്തുകൊണ്ടു പോകുമ്പോഴോ പോലീസ് സ്റ്റേഷൻ ആക്രമിച്ചുകൊണ്ടോ പ്രതികളെ മോചിപ്പിച്ച സംഭവങ്ങളിൽ സി.പി.ഐ.(എം.) പ്രവർത്തകരോ പ്രസ്തുത കക്ഷിയുടെ പോഷക സംഘടനകളിൽപ്പെട്ടവരോ പ്രതികളായുള്ള എത്ര കേസുകൾ ഉണ്ടായിരുന്നു ;

(ഇ) ഈ വിധത്തിൽ പ്രതികളെ മോചിപ്പിച്ച സംഭവങ്ങളോട് ബന്ധപ്പെട്ട ആക്രമണങ്ങളിൽ സി.പി.ഐ.(എം.) കക്ഷിയുടെ ഏതെങ്കിലും തലത്തിലുള്ള എത്ര ഭാരവാഹികളുണ്ടായിരുന്നു ?

LIBRARY ARCHIVES Kerala Legislative Assembly